(സി) ഇവ മാറ്റി വയ്ക്കുന്ന ജോലി പുരോഗമിച്ചു വരുന്നു.

(ഡി) പത്തനംതിട്ട, മലപ്പുറം, കാസർകോട് എന്നീ ജില്ലകളിലും തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കൊച്ചി, കോഴിക്കോട്, തലശ്ശേരി, കണ്ണൂർ എന്നീ പട്ടണങ്ങളിലും കേന്ദ്ര ഗവൺമെന്റിന്റെ എ.പി.സി.ആർ.പി. പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ മീറ്ററുകൾ സ്ഥാപിച്ചുവരുന്നു. മറ്റ് സ്ഥലങ്ങൾ ബോർഡിന്റെ സ്വന്തം ഫണ്ട് ഉപയോഗിച്ച് പുതിയ മീറ്ററുകൾ സ്ഥാപിച്ചു വരുന്നു.

വൈദ്യുതി കണക്ഷൻ നൽകാൻ സമയപരിധി

2 (1644) ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വൈദ്യുതി കണക്ഷന് അപേക്ഷിക്കുന്ന ഒരാളിന് അപേക്ഷ കൊടുത്താൽ എത്ര നാളിനകം കണക്ഷൻ നൽകിയിരിക്കണമെന്ന് കാല പരിധി നിശ്ചയിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ നിശ്ചയിച്ചിരിക്കുന്ന കാലപരിധി എത്രയാണ് എന്നറിയിക്കുമോ ;

(സി) കാലപരിധി നിശ്ചയിച്ചിട്ടില്ലെങ്കിൽ അപേക്ഷകന് കണക്ഷൻ നൽകുന്നതിന് കാലപരിധി നിശ്ചയിക്കാൻ നടപടിയെടുക്കുമോ ?

ഉത്തരം

(എ-സി) വൈദ്യുതി കണക്ഷന് രജിസ്റ്റർ ചെയ്തു കഴിഞ്ഞാൽ ഒ.വൈ.സി. തുക അടയ്ക്കുകയാണെങ്കിൽ ആറു മാസത്തിനകവും അല്ലാത്തപക്ഷം ഓരോ വർഷവും വിദ്യുച്ഛക്തി ബോർഡ് ലക്ഷ്യമിടുന്ന കാലപരിധിയുടെ അടിസ്ഥാനത്തിലും മുൻഗണനാക്രമം അനുസരിച്ചും കണക്ഷൻ നൽകുന്നതാണ്. ബോർഡിന്റെ ഇപ്പോഴത്തെ ടാർജറ്റ് താഴെപറയും പ്രകാരമാണ്.

നോർമൽ പ്രമോഷണൽ കണക്ഷനുകൾ (പോസ്റ്റ് ആവശ്യമുള്ളത്)	2000 ഡിസംബർ വരെ ഉള്ളവ
നോർമൽ പ്രമോഷണൽ കണക്ഷനുകൾ (പോസ്റ്റ് ആവശ്യമില്ലാത്തവ)	2001 ഡിസംബർ വരെ ഉള്ളവ
ലൈൻ എക്സ്റ്റൻഷൻ ആവശ്യമായ കണക്ഷനുകൾ	1997 മാർച്ച് വരെ ഉള്ളവ

LIBRARY ARCHIVES Kerala Legislative Assembly